മാരാമൺ കൺവൻഷൻ 2024
# മാരാമൺ സന്ദേശം
പ്രതിദിന വാർത്താ പത്രിക
129th MARAMON CONVENTION FEBRUARY 11-18
Published by: Malabar Mar Thoma Syrian Christian Evangelistic Association
2024 ഫെബ്രുവരി 12 തിങ്കൾ

### മാരാമൺ കൺവൻഷൻ രണ്ടാം ദിവസ യോഗം

## വചനത്തെ വിളമ്പി നൽകുന്ന വിരുന്നുശാലയായ മാരാമൺ

**റൈറ്റ്. റവ. സഖറിയാസ് മാർ അപ്രേം എപ്പിസ്കോപ്പാ**




**മാരാമൺ കൺവൻഷൻ പ്രഭാതയോഗത്തിൽ റൈറ്റ്. റവ. സഖറിയാസ് മാർ അപ്രേം എപ്പിസ്കോപ്പാ പ്രസംഗിക്കുന്നു**

സഭ ഒരു വലിയ നോമ്പിലേക്ക് പ്രവേശിക്കുന്ന ഈ പ്രധാനപ്പെട്ട ദിവസത്തിന്റെ പ്രഭാതത്തിൽ വചനത്തോടും ധ്യാനത്തോടും കുടി ഇതിലേക്ക് പ്രവേശിപ്പാൻ ദൈവം നമ്മളെ എല്ലാവരെയും സഹായിക്കട്ടെ.

വചനത്തെ വിളമ്പി നൽകുന്ന മാരാമൺ കൺവെൻഷൻ എന്ന വചന കൂടാരത്തിൽ ജീവിതത്തിൽ ആദ്യമായി ശുശ്രൂഷ വചനം നിർവ്വിഹിക്കുവാൻ അവസരം തന്ന ദൈവത്തിനു സ്തോത്രം. ഈറ്റുനോവിന്റെ അനുഭവത്തിൽ പുതുജനനത്തിനായി ഒരുക്കപ്പെടുന്ന നോവിനോടുള്ള അൻപാണ്. രൂപാന്തരമാണ് നമ്മുടെ ലക്ഷ്യം, ക്രിസ്തുവിനെ അടുത്തറിയുക. അവനോടു കൂടെ ചരിക്കുക, അവന്റെ ക്രൂശ് എടുക്കുക എന്നതാണ് നമ്മുടെ ദൗത്യം. ക്രൂശിന്റെ ചുവട്ടിൽ എത്തുക എന്നുള്ളതാണ് നമ്മുടെ നിയോഗം. അങ്ങനെ ക്രൂശിതനോടൊപ്പം അവന്റെ മരണത്തിൽ പങ്കാളികളാവുകയും അവന്റെ ഉയർത്തെഴുന്നേൽപ്പിനെ കൊണ്ടാടുകയും ചെയ്യുന്നവരായ വിശ്വാസ സമൂഹത്തിലെ രൂപാന്തരത്തിന്റെ സാധ്യതയാണ് വലിയ നോമ്പിന്റെ അനുഭവം. വലിയ നോമ്പിന്റെ ആരംഭം ശുബക്കോനോ നിരപ്പിന്റെ ശ്രശ്രുഷ എന്ന ആത്മീയ അനുഭവത്തിലുടെയാണ്. അനുരജ്ഞനം എന്ന് പൊതുവെ പറയുമെങ്കിലും ആത്മീയതയുടെ പല മർമ്മങ്ങളും ഒളിഞ്ഞിരിക്കുന്ന അനുഭവമാണ് ശുബക്കൊനോ.

വിശുദ്ധ മത്തായി 5 21-26 വരെയുള്ള വാക്യങ്ങൾ വായിക്കാം.

കൊല ചെയ്യരുത് എന്നും ആരെങ്കിലും കൊല ചെയ്താൽ ന്യായവിധിക്ക് യോഗ്യൻ ആകും എന്നും പൂർവികന്മാരോട് അരുളിച്ചെയ്തത് നിങ്ങൾ കെട്ടിട്ടുണ്ടല്ലോ ഞാനോ നിങ്ങളോട് പറയുന്നത് സഹോദരനോട് കോപിക്കുന്നവൻ എല്ലാം ന്യായവിധിക്ക് യോഗ്യൻ ആകും. സഹോദരനോട് നിസ്സാര എന്ന് പറഞ്ഞാലോ ന്യായാധിപ സഭയുടെ മുമ്പിൽ നിൽക്കേണ്ടിവരും മുഢാ എന്ന് പറഞ്ഞാലോ അഗ്നിനരകത്തിനു ഇര ആകും. ആകയാൽ നിന്റെ വഴിപാട് യാഗപീഠത്തിങ്കൽ കൊണ്ടുവരുമ്പോൾ സഹോദരന് നിന്റെ നേരെ വല്ലതും ഉണ്ടെന്ന് അവിടെ വച്ച് ഓർമ വന്നാൽ നിന്റെ വഴിപാട് അവിടെ യാഗപീഠത്തിന്റെ മുമ്പിൽ വച്ചിട്ട് ഒന്നാമത് ചെന്ന് സഹോദരനോട് നിരന്നു കൊൾക പിന്നെ വന്ന് വഴിപാട് കഴിക്ക. നിന്റെ പ്രതിയോഗിയോടു കൂടെ വഴിയിൽ ഉള്ളപ്പോൾ തന്നെ അവനോടു ഇണങ്ങി കൊൾക അല്ലാഞ്ഞാൽ പ്രതിയോഗി നിന്നെ ന്യായാധിപനും ന്യായാധിപൻ ചേവകനും ഏല്പിച്ചിട്ട് നീ തടവിൽ ആയി പോകും. ഒടുവിലത്തെ കാശ് കൊടുത്തുതീരുവോളം നീ അവിടെ നിന്ന് പുറത്ത് വരികയില്ല എന്ന് ഞൻ സത്യമായിട്ടും നിന്നോട് പറയുന്നു.

സഹോദരനോട് നിരക്കുകയും പ്രതിയോഗിയോട് ഇണങ്ങുകയും ചെയ്യുന്ന സമസ്യയാണ് നോമ്പ്. വേദപുസ്തകത്തിലെ ആരംഭത്തിൽ തന്നെ ആരാധനയുടെ അനുഭവത്തിൽ അടയാളപ്പെടുത്തുന്ന കയിന്റെയും ഹാബേലിന്റെയും അർപ്പണത്തിൽ ഉയർന്നുവരുന്ന ചോദ്യം നിന്റെ സഹോദരൻ എവിടെയെന്നാണ്. സഹോദരനെ വിലമതിക്കാതെ ഒരു ആരാധന അനുഭവം സാധ്യമല്ല. പ്രതിയോഗികളെ അവഗണിച്ച് ഒരു അർപ്പണ ജീവിതവും സാധ്യമല്ല എന്ന് ദൈവവചനം നമ്മെ ഓർമിപ്പിക്കുന്നു. ഈ രണ്ട് അനുഭവങ്ങളുടെയും ഉൾച്ചേരലാണ് ഈ നോമ്പിലൂടെ നമുക്ക് സാധ്യമായി തീരേണ്ടത് വേദപുസ്തക അടിസ്ഥാനത്തിൽ അനുരഞ്ജനം സാധ്യമായി തീരുന്നത് നാല് പ്രധാനപ്പെട്ട അവസ്ഥകളിലാണ്. നമ്മുടെ മുമ്പിൽ വരച്ചുകാട്ടുന്ന നാലു വ്യത്യസ്ത പശ്ചാത്തലത്തിൽ ഈ വിഷയത്തെ നോക്കി കാണുവാൻ താല്പര്യപ്പെടുന്നു.

ഒന്നാമതായി ഏശാവും യാക്കോബും ഇവർ തമ്മിൽ ഉള്ള കുടിച്ചേരൽ ഉല്പത്തി പുസ്തകം വളരെ വ്യക്തമായി നമ്മുടെ മുമ്പിൽ അവതരിപ്പിക്കുന്നുണ്ട്. ഒരു പിതാവിന്റെ മക്കളായി സഹോദരന്മാരായി തീർന്നവർ പ്രതിയോഗികളായി മാറുന്ന അനുഭവങ്ങൾ എന്നത്തേയും ഇന്നത്തെയും പ്രതിഭാസമാണ്. അടുത്തവർ തമ്മിലുള്ള അകലമാണ് ലോകത്തിലെ ഏറ്റവും വലിയ ദൂരമെന്ന് ഒരു ചിന്തകൻ പറഞ്ഞിരിക്കുന്നത് എത്രയോ സത്യമാണ്. എന്നാൽ അടുത്ത വരുവാനുള്ള സാധ്യത പൂർണമായും നഷ്ടപ്പെട്ടിട്ടില്ല എന്നുള്ള ആഹ്വാനമാണ് നോമ്പ് നമ്മുടെ മുമ്പിൽ വയ്ക്കുന്നത്. യാക്കോബ് തന്റെ അമ്മായിയപ്പനായ ലാബാനോട് വിട പറഞ്ഞ് മടങ്ങിവരുമ്പോൾ അവനെ എതിരേൽക്കുന്നത് ദൈവ ദൂതന്മാർ ആണ്. അവരെ യാക്കോബ് ദൈവത്തിന്റെ സേന എന്നാണ് വിശേഷിപ്പിക്കുന്നത്. അങ്ങനെ മഹനീയമെന്ന് പേരിട്ടു എന്ന് ദൈവ വചനം സാക്ഷിക്കുന്നു. അതിനെ തുടർന്നാണ് തന്റെ സഹോദരനായ എശാവിനെ കാണുവാനുള്ള ആഗ്രഹം ഉത്തേജിക്കപ്പെടുന്നത്. ഉല്പത്തി പുസ്തകം. 32:3 വാക്യത്തിൽ അവൻ എദോം നാടായ സയീർ ദേശത്ത് വച്ച് തന്റെ സഹോദരനായ ഏശാവിന്റെ അടുക്കൾ തന്റെ ദൂതന്മാരെ അയക്കുന്നതായി കാണുന്നു. പ്രിയമുള്ളവരെ ദൈവിക സംഘവുമായി ഉള്ള ഇടപെടിൽ സംസർഗം പല നന്മയിലേക്കും നമ്മെ പ്രചോദിപ്പിക്കുന്നു. യെശയ്യാ. 6.1-6 വരെയുള്ള വാക്യത്തിൽ പ്രവാചകൻ കാണുന്ന ദർശനത്തിൽ സാറാഫുകൾ അവന്റെ ചുറ്റും നിന്ന് ദൈവത്തിന്റെ പരിശുദ്ധിയെ ആർക്കുമ്പോൾ തന്റെ അശുദ്ധിയെ കുറിച്ചും തന്റെ ദേശത്തിന്റെയും ദേശ നിവാസികളുടെയും കുറവുകളെ കുറിച്ചും യെശയ്യാവ് അനുതപിക്കുന്നതായി കാണുന്നു. സഭ അല്ലെങ്കിൽ ആരാധന സമൂഹം ദൈവദൂതന്മാരുടെ സംഘം എന്നത്രെ പൗരസ്ത്യ സഭാ വീക്ഷണം. യാക്കോബിന്റെ ഭാഷയിൽ ദൈവത്തിന്റെ സേന എന്നാണ് പൗലോസ് അപ്പൊസ്തലൻ വിശ്വാസ സമൂഹത്തെ വിശുദ്ധന്മാരുടെ ഗണം എന്നത്രേ വിശേഷിപ്പിക്കുന്നത്. അങ്ങനെ എങ്കിൽ വിശുദ്ധന്മാരുടെ സംസർഗ്ഗം നഷ്ടപ്പെട്ടുപോയ ബന്ധങ്ങളെ നേരിടുന്നതിനും അകന്നുപോയവരെ അടുപ്പിക്കുന്നതിനും കാണാതെ പോയവരെ തിരയുന്നതിനും പ്രചോദിപ്പിക്കുന്നതായിരിക്കണം. ക്രിസ്തുസ്നേഹം ഉത്തംഗഭാവങ്ങൾ ആകേണ്ട സഭ തന്നെ വിശ്വാസത്തിന്റെ പേരിൽ തർക്കങ്ങളും തമ്മിൽ തല്ലും വർദ്ധിച്ചു വരുന്ന ഈ കാലഘട്ടത്തിൽ എങ്ങനെ അനുരഞ്ജനത്തിന്റെ ഉൾപ്രേരണ നമുക്ക് നൽകുവാൻ സാധിക്കും. യാക്കോബ് ദൈവദൂതന്മാരോടുള്ള സംസർഗം അനുരഞ്ജനത്തിന്റെ ഉൾപ്രേരണ നൽകിയതുപോലെ സഭ അനുരഞ്ജനത്തിന്റെ ഉൾപ്രേരകങ്ങൾ ആയിരിക്കാൻ വിളിക്കപ്പെട്ടിരുന്നു. യാക്കോബ് യാബോക് കടവിൽ ദൈവ പുരുഷനോട് മൽപ്പിടുത്തം നടത്തുകയും അവൻ അനുഗ്രഹീതനായി തീരുകയും ചെയ്യുന്നു. അനുഗ്രഹം എന്ന പദത്തെ സംസ്കൃതത്തിൽ ഇങ്ങനെയാണ് നിർവചിച്ചിരിക്കുന്നത്.

**എഡിറ്റോറിയൽ കോർഡിനേറ്റേഴ്സ്**

അഡ്വ.ജേക്കബ് ജോൺ കരിക്കം

തോമസ് കോശി

**എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ**

റവ.എബി കെ ജോഷ്വാ

പ്രൊഫ.എബ്രഹാം പി മാത്യു

റവ.ജിജി വർഗ്ഗീസ്

ഡോ.എബി തോമസ് വാരിക്കാട്

റവ. അലക്സ് വൈ.

സജി എം ജോർജ്

**ഡിസൈൻ & ലേ ഔട്ട്**

സാബു ചാക്കോ പനവേലി

*“ഗ്രഹണം യത് സംഭവതി തത് അനുഗ്രഹ”*

ഗ്രഹണം എന്ന പദത്തിന്റെ അർഥം പിടിക്കുക, വിഴുങ്ങുക, മനസ്സിലാക്കുക, ഗ്രഹിക്കുക എന്നിവയാണ് അനുഗ്രഹം എന്ന മൂല പദത്തിന്റെ അർഥം വിളിച്ചവന്റെ കൂടെ ഉള്ള യാത്രയാണ്. ഇസ്രായേലായി അനുഗ്രഹിതനായി യാത്രചെയ്യുന്നത് അവന്റെ സഹോദരന് അടുത്തേക്കാണ്. അനുഗ്രഹത്തിന്റെ പേരിൽ അകന്നുപോയ രണ്ടു സഹോദരങ്ങൾ അനുഗ്രഹിതരായി തമ്മിൽ അടുത്തുവരുന്ന നിമിഷമാണ് ഈ ഭൂമിയിലെ സുന്ദര നിമിഷങ്ങളിൽ ഒന്നാണ് ഉല്പത്തി പുസ്തകം മുപ്പത്തിമൂന്നാം അധ്യായത്തിന്റെ ആരംഭം? അനന്തരം യാക്കോബ് തലപൊക്കി നോക്കി ഏശാവും അവനോടു കൂടെ 400 ആളും വരുന്നത് കണ്ടു. തന്റെ മക്കളെ ലേയയുടെ അടുക്കലും റാഹേലിന്റെ അടുക്കലും 2 ദാസിമാരുടെ അടുക്കലും വിഭാഗിച്ച് നിർത്തി. അവൻ ദാസിമാരെയും അവരുടെ മക്കളെയും മുമ്പാകെയും അവളുടെ മക്കളെ പിന്നാലെയും ജോസഫിനെയും ഒടുക്കവും നിർത്തി. അവൻ അവർക്ക് മുമ്പായി കടന്നു ഏഴു പ്രാവശ്യം സാഷ്ടാംഗം നമസ്കരിച്ചു കൊണ്ട് തന്റെ സഹോദരനോട് അടുത്ത് ചെന്നു. ഏശാവ് ഓടി വന്ന് അവനെ എതിരേറ്റു ആലിംഗനം ചെയ്തു അവന്റെ കഴുത്തിൽ വീണു അവനെ ചുംബിച്ചു. രണ്ടുപേരും കരഞ്ഞു പിന്നെ അവൻ തലപൊക്കി സ്ത്രീകളെയും കുഞ്ഞുങ്ങളെയും കണ്ട് നിന്നോട് കൂടെയുള്ള ഇവർ ആരെന്ന് ചോദിച്ചതിന് ദൈവം അടിയന് നൽകിയിരിക്കുന്ന മക്കൾ എന്ന് അവൻ പറഞ്ഞു. അപ്പോൾ ദാസിമാരും മക്കളും അടുത്ത് വന്ന് നമസ്കരിച്ചു. ലെയയും മക്കളും അടുത്ത് വന്നു നമസ്കരിച്ചു. ഒടുവിൽ യോസഫും റാഹേലും അടുത്ത് വന്ന് നമസ്കരിച്ചു. ഞാൻ വഴിക്ക് കണ്ട ആ കൂട്ടമോക്കെയും എന്തിന് എന്ന് അവൻ ചോദിച്ചതിന് യജമാനന് എന്നോട് കൃപ തോന്നേണ്ടത്തിന് ആകുന്നു എന്ന് അവൻ എന്നോട് പറഞ്ഞു. അതിന് ഏശാവു സഹോദരാ എനിക്ക് വേണ്ടുന്നത് ഉണ്ട്. നിനക്കുള്ളത് നിനക്ക് ഇരിക്കട്ടെ എന്ന് പറഞ്ഞു. അതിന് യാക്കോബ് അങ്ങനെ അല്ലാ, എന്നോട് കൃപ ഉണ്ടെങ്കിൽ എന്റെ സമ്മാനം എന്റെ കയ്യിൽ നിന്ന് വാങ്ങേണമെ ദൈവത്തിന്റെ മുഖം കാണുന്നതുപോലെ ഞാൻ നിന്റെ മുഖം കാണുകയും നിനക്ക് എന്നോട് ദയ തോന്നുകയും ചെയ്തിരിക്കുന്നു.

നമ്മുടെ അനുഗ്രഹങ്ങൾ നമ്മെ തമ്മിൽ അടുപ്പിക്കുന്നതോ അകറ്റുന്നതോ? മഹനയിമിലെ ദൈവദൂതനുമായുള്ള സംസർഗവും യാബോക് കടവിലെ ദൈവപുരുഷനുമായുള്ള മൽപ്പിടിത്തവും യാക്കോബിനെ അനുഗ്രഹീതൻ ആക്കിയെങ്കിൽ അത് അവന്റെ സഹോദരിനിലേക്കുള്ള യാത്രയായി പരിണമിക്കുന്നത്. സഹോദരന്റെ മുഖത്ത് ദൈവത്തിന്റെ മുഖം കാണുന്ന അനുഭവമാണ് അനുരഞ്ജനത്തിന്റെ സാധ്യത.

‘അടുത്ത് നിൽപൊരു അനുജനെ കാണാൻ അക്ഷികൾ ഇല്ലാത്തോർ അരൂപനീശൻ അദൃശ്യനായാൽ അതിൽ എന്ത് ആശ്ചര്യം’.

മലയാളത്തിന്റെ കവി ഉള്ളൂർ ഇങ്ങനെ പാടിയത് എത്ര സത്യമാണ്.

രണ്ടാമതായി അനുരഞ്ജനം സാധ്യമാകുന്നത് ദൈവീക കണ്ണുകളിലൂടെ ദൈവീക ഭാവത്തിൽ നമ്മുടെ ജീവിതസാഹചര്യങ്ങളെ വീക്ഷിക്കുവാൻ സാധിക്കുമ്പോഴാണ്. സഹോദരന്മാരൽ വിൽക്കപ്പെട്ട് മിസ്രേയീം ദേശത്ത് എത്തിയ ജോസഫ് ആ ദേശത്തിന്റെയും ഉന്നത സ്ഥാനീയനായത്തീരുകയും തന്റെ സഹോദരന്മാർ ജീവരക്ഷാർഥം തന്നെ തിരിച്ചറിയാതെ തന്റെ അടുക്കലേക്ക് എത്തുകയും ചെയ്തപ്പോൾ പക ഇല്ലാതെ പരിഭവം ഇല്ലാതെ അവരെ കാണുന്ന ജോസഫിനെ ഉല്പത്തി പുസ്തകം 45 അധ്യായം 1-5 വരെ കാണുന്നു. ഒരിക്കലും ക്ഷമിക്കാൻ പറ്റാത്ത കുറ്റം ചെയ്തവരോട് എങ്ങനെയാണ് ക്ഷമിക്കാൻ പറ്റുന്നത്. തന്റെ ജീവനെ അപകടപെടുത്തിയവരോട് എങ്ങനെയാണ് പൊറുക്കുവാൻ സാധിക്കുന്നത്? തന്നെ വിറ്റുകളഞ്ഞവരോട് എങ്ങനെയാണ് ഒരാൾക്ക് പൊറുക്കുവൻ സാധിക്കുന്നത്? അടുത്തിടെ ഇറങ്ങിയ ചലച്ചിത്രമാണ് face of faceless കർത്താവിന്റെ മണവാട്ടിയും സാമൂഹ്യപ്രവർത്തകയും സുവിശേഷത്തിന് സാക്ഷിയുമായി നിലകൊണ്ട Sister. Rani Mariya യെ 56 കുത്തുകൾ ഏൽപിച്ച് കൊലപ്പെടുത്തിയ ഘാതകന്റെ കരങ്ങൾ ചുംബിച്ച എലീശാ എന്ന സത്യ ക്രിസ്ത്യാനിയുടെ പാഠം ഇത് അല്ലാതെ മറ്റ് എന്താണ്. ഭർത്താവിനെയും തന്റെ 2 മക്കളെയും ചുട്ട് കൊന്നവരോട് ക്ഷമയുടെ നിർവചനങ്ങൾ ചാലിച്ച് കൊടുത്ത ഗ്ലാഡിസ് ജെയിംസിന്റെയും ജീവിതം ഇതല്ലാതെ മറ്റെന്താണ്.

മൂന്നാമതായി, ചില ദൈവീക ബോധ്യങ്ങളാണ് നമ്മെ അനുരഞ്ജനത്തിലേക്ക് നയിക്കുന്നത്. നഷ്ടപ്പെട്ടുപോയ ഇളയ മകന്റെ മടങ്ങി വരവിന് കാരണം ആകുന്നത് അവനുണ്ടാകുന്ന ചില ബോധ്യങ്ങളാണ്. പിതാവിന്റെ ഭവനത്തിൽ വസിക്കേണ്ടവൻ പന്നികളുടെ കൂട്ടത്തിൽ അകപ്പെട്ടു പോകുന്ന ജീവിത സാഹചര്യങ്ങളിൽ ഈ ബോധ്യങ്ങൾക്ക് മാത്രമേ അവനെ യഥാസ്ഥാനപ്പെടുത്താൻ കഴിഞ്ഞുള്ളു. നൽകപ്പെടുന്നതിന്റെ വില അറിയാതെ അതിനെ കൈകാര്യം ചെയ്യുന്നവരെല്ലാം നഷ്ടപ്പെടുത്തിക്കളയും. എലിസബത്ത് ഗൗനിങ് എന്ന ഒരു ചെറുപ്പക്കാരി തന്റെ മാതാപിതാക്കളുടെ അറിവോ സമ്മതമോ കൂടാതെ റോബർട്ട് എന്ന യുവാവുമായി വിവാഹിതനാവുകയും തന്മൂലം പിതാവിനാൽ പുറത്താക്കപ്പെടുകയും ചെയ്തു. മാതാപിതാക്കൾക്ക് ഉണ്ടായ വേദനയിൽ മനംനൊന്ത് എല്ലാ ആഴ്ചകളിലും ക്ഷമാപണവും അവരോടുള്ള സ്നേഹം വെളിപ്പെടുത്തി ഭവനത്തിലേക്ക് മടങ്ങി വരുവാനുള്ള താല്പര്യം അറിയിച്ചുകൊണ്ട് കത്തുകൾ എഴുതിക്കൊണ്ടിരുന്നു. മറുപടി ലഭിക്കാത്തതിനാൽ അവളുടെ ഹൃദയം വേദനിക്കുകയുണ്ടായി. ദീർഘ വർഷങ്ങൾക്ക് ശേഷം തന്റെ പിതാവിൽ നിന്ന് ഒരു കൊറിയർ ലഭിച്ചു. സന്തോഷത്തിന്റെയും നെറുകയിൽ ആ കൊറിയർ തുറന്നു നോക്കിയപ്പോൾ താൻ മുമ്പേ അയച്ച കത്തുകൾ തുറന്ന് നോക്കാതെ അതുപോലെ തിരിച്ച് അയച്ചതായി അവൾ കണ്ടു. അവൾ ബോധരഹിതയായി നിലം പതിച്ചു. പിന്നെ അവൾ മരണപ്പെട്ടു. അവളുടെ മരണ ശേഷം ആ കത്തുകൾ ഒരു പുസ്തകമായി പ്രസിദ്ധീകരിക്കുകയും ചെയ്തു.

നൽകപ്പെടുന്നതിന്റെ വില അറിയാതെ അതിനെ കൈകാര്യം ചെയ്യുന്നവരെല്ലാം നഷ്ടപ്പെടുത്തിക്കളയും.

വായനക്കാരിൽ ഒരാൾ എഴുതിയിരിക്കുന്നത് ഇപ്രകാരമാണ്: *It is a love letter for the whole world to have a reconciliation.*

ഈ കത്തിലെ ഒരു വരി എങ്കിലും വായിച്ചിരുന്നു എങ്കിൽ ഹൃദയം അലിയുമായിരുന്നു.

മാപ്പ് നൽകാൻ കഴിയുന്നതിലൂടെമാത്രമേ അനുരഞ്ജനം സാധ്യമാകൂ. വിശ്വപ്രസിദ്ധ റഷ്യൻ സാഹിത്യകാരൻ ദെസ്തെയോവിസ്കി തന്റെ മരണക്കിടക്കയിൽ കുടുംബങ്ങളോട് പങ്കുവെച്ച അനുഭവം അദ്ദേഹത്തിന്റെ മകൾ ഓർത്തെടുക്കുന്നത് ഇപ്രകാരമാണ്. നഷ്ടപ്പെട്ടുപോയ ഇളയമകന്റെ സുവിശേഷ ഭാഗം ഉറക്കെ വായിക്കുന്നതിന് തന്റെ ഭാര്യയോട് അദ്ദേഹം ആവശ്യപ്പെട്ടു. അത് ശ്രദ്ധയോടെ ശ്രവിച്ചതിന് ശേഷം ഇപ്രകാരം പറഞ്ഞു: Remember this always that there are father who forgives you how ever wicked you turn to be a father that is many time better than I am keep that always in mind and peacefully passed away.

ജീവിതത്തിന്റെ ഊട് വഴികളിൽ ഏതെല്ലാം വിധത്തിൽ തെറ്റിപ്പോയാലും കുടുങ്ങിപ്പോയാലും നിന്റെ മടങ്ങി വരവിനായി കാത്തിരിക്കുന്ന ഒരു പിതാവാണ് നമുക്കുള്ളത്. ആയിരിക്കുന്ന അവസ്ഥയിൽ നിന്ന് ആകേണ്ട അവസ്ഥയിലേക്കുള്ള മടങ്ങി പോകലാണ് ഓരോ ആരാധനയും. പൗരസ്ത്യ ആരാധന സംവിധാനത്തിൽ ഓരോ പ്രാർഥനയും ആരംഭിക്കുന്നതും അവസാനിക്കുന്നതും കൗമയിലൂടെ ആണ് അതിന്റെ അർഥം എഴുന്നേൽക്കുക എന്നാണ്. നൽകപ്പെട്ടിരിക്കുന്ന ദാനങ്ങളാണ് പണം, സമയം, ബന്ധങ്ങൾ, കഴിവ്, ഇതിന്റെ വില അറിഞ്ഞ് നാം പ്രവർത്തിക്കാറുണ്ട്.

നാലാമതായി, അനുരഞ്ജനത്തിന്റെ മാതൃക ക്രിസ്തുവിലാണ് നാം കാണുന്നത് 3 പ്രാവശ്യം തള്ളിപ്പറഞ്ഞ ശിമയോനോട് അവന്റെ കുറ്റങ്ങൾ ക്ഷമിച്ച്, മൂന്നു പ്രാവശ്യം അവന്റെ സ്നേഹത്തെ ആരാഞ്ഞ് മൂന്നുപ്രാവശ്യം അവന്റെ സ്നേഹത്തെ ഉറപ്പിക്കുന്ന ക്രിസ്തുവിനെ യോഹന്നാൻ ഇരുപത്തിയൊന്നാം അധ്യായത്തിൽ നാം കാണുന്നു. തള്ളി പറയുന്നവനെ തള്ളികളയുന്നവൻ ആയിട്ടല്ല ഉൾക്കൊള്ളുന്നവനായും തേടി പോകുന്നവനായും കാണിക്കുന്നു. പിന്തിരിഞ്ഞു പോയവനെ പിന്തിരിപ്പിക്കാൻ വേണ്ടി പ്രാതൽ ഒരുക്കി കാത്തിരിക്കുന്ന കർത്താവ് ഏതൊരു വിശ്വാസികളുടെയും മുമ്പിൽ വലിയ സാധ്യതയാണ്. അത്താഴ മേശയിൽ സ്വയം നുറുക്കി നൽകിയവൻ പ്രാതൽ ഒരുക്കി സ്വയം വെളിപ്പെടുത്തുന്ന അനുരഞ്ജനത്തിന്റെ മാതൃകയാണ് നാം കാണുന്നത്.

കുമ്പസാരം നമ്മുടെ സഭയിലെ കൂദാശയാണ്. ഇരുപതാം നൂറ്റാണ്ടിൽ alcoholic എന്ന കാരണത്താൽ സഭയിൽ നിന്ന് പുറത്താക്കപ്പെട്ട വെനീസിലെ ഒരു വൈദികനെക്കുറിച്ച് വായിച്ചു കേട്ടിട്ടുണ്ട്. പല ശിക്ഷയും നൽകിയെങ്കിലും കാര്യമായ ഒരു വ്യതിയാനവും അദ്ദേഹത്തിന് ഉണ്ടാക്കിയില്ല. ഒരു സന്ധ്യക്ക് ഒരു ബാറിൽ അദ്ദേഹം മദ്യപിച്ചുകൊണ്ടിരുന്നപ്പോൾ ആരോ വന്ന് പുറകിൽ നിന്ന് തട്ടി വിളിച്ചു. നിങ്ങളുടെ പുതിയ മെത്രാൻ നിങ്ങളെ കാത്ത് പുറത്ത് നിൽക്കുന്നുണ്ട്. അദ്ദേഹം വിചാരിച്ചു തന്നെ ഇയാൾ കളിയാക്കുകയാണ്. പലരും ഇതേ കാര്യം അദ്ദേഹത്തോട് പറഞ്ഞു അദ്ദേഹം വിചാരിച്ചു എല്ലാവരും കൂടെ തന്നെ കളിയാക്കാൻ ശ്രമിക്കുകയാണ്. അദ്ദേഹം വീണ്ടും മദ്യകോപ്പയിലേക്ക് ശ്രദ്ധിച്ചു. അല്പസമയത്തിനു ശേഷം ശരിക്കും അദ്ദേഹം ഞെട്ടിപ്പോയി. ഒരു മെത്രാൻ തന്നെ മുമ്പിൽ വന്നു നിൽക്കുന്നു. Cardinal Roncalli.

Cardinal അദ്ദേഹത്തെ പുറത്തേക്ക് കൂട്ടികൊണ്ട് പോയി ഒരു കസേരയിൽ ഇരുത്തി തന്റെ കുമ്പസാരം കേൾക്കുവാൻ ദയ ഉണ്ടാകേണമെ എന്ന് വൈദീകനോട് അപേക്ഷിച്ചു. എന്റെ പിഴ, എന്റെ പിഴ, എന്റെ പിഴ! എന്ന് പറഞ്ഞ് കണ്ണീർ ഒഴുക്കി.

യുവ വൈദികനെ കെട്ടിപിച്ച് ഇപ്രകാരം പറഞ്ഞു; ഇതിനുവേണ്ടി യാണ് നീ വിളിക്കപ്പെട്ടിരിക്കുന്നത്. മാപ്പ് കൊടുപ്പാനും അനുരഞ്ജനത്തിനും തയ്യാറായ ഈ കർദിനാളായിരുന്നു പിന്നീട് ജോൺ 23 മാർപാപ്പ ആകുന്നത്. 2014 ൽ ഫ്രാൻസിസ് മാർപാപ്പ അദ്ദേഹത്തെ വിശുദ്ധനായി പ്രഖ്യാപിക്കുകയും ചെയ്തു. നമ്മുടെ ഓരോ വിശുദ്ധ കുർബാനയും ശുബ്കോന അല്ലെങ്കിൽ നിരപ്പിന്റെ അവസരം ഒരുക്കി നൽകുന്നുണ്ട്. ഹാശാ ആഴ്ചയിൽ ഒഴിച്ച് ബാക്കി എല്ലാ സമയങ്ങളിലും സമാധാനത്തിന്റെ ചുംബനം തമ്മിൽ തമ്മിൽ നൽകിയ ശേഷമാണ് നാം വിശുദ്ധ കുർബാനയുടെ അനുഭവത്തിലേക്ക് പ്രവേശിപ്പിക്കപ്പെടുന്നത്. പൗരസ്ത്യ സഭാ പാരമ്പര്യത്തിൽ വലിയ നോമ്പ് ആരംഭിക്കുന്ന പ്രാരംഭ ദിവസം ശുബ്കോനാ ശുശ്രൂഷയിൽ വൈദീകൻ ജനത്തോടു ഇപ്രകാരം പറയുന്നുണ്ട്; എന്റെ സഹോദരങ്ങളും വാത്സല്യജനങ്ങളുമെ, നിങ്ങളോടു ഞാൻ ചെയ്തിട്ടുള്ള കുറ്റങ്ങൾ മ്ശിഹാനിമിത്തം എന്നോടു ക്ഷമിപ്പിൻ. റൂഹായ്ക്കടുത്ത ഐകൃത്തോടും, പിതൃസംബന്ധമായ സ്നേഹത്തോടും ഉണർവ്വുള്ള ഒരു ഇടയനെപ്പോലെ നിങ്ങൾ എല്ലാവരെയും ഞാൻ ഗുണദോഷിച്ചു. നിങ്ങളുടെ മുമ്പാകെ എന്റെ തലയെ ഞാൻ വണക്കുന്നു. സത്യസ്നേഹത്തോടു കൂടെ ഞാൻ അപേക്ഷിക്കുന്നു. എന്റെ സഹോദരങ്ങളും വത്സലരുമേ, നിങ്ങൾ വരുവിൻ. ദൈവം നമ്മോടു നിരപ്പാകുവാനായിട്ട് നാം തമ്മിൽ തമ്മിൽ നിരപ്പാകുക. ഇതിന്റെ പ്രതിവാക്യമായി ജനങ്ങൾ ഇപ്രകാരം ആണ് പറയുന്നത്.

മ്ശിഹായിൽ ഞങ്ങളുടെ വന്ദ്യപിതാവേ, ദൈവത്തിന്റെ അഭിഷിക്തനായ അങ്ങയെ, ഞങ്ങൾ ഏതെങ്കിലും വിധത്തിൽ ദുഃഖിപ്പിക്കുകയോ വേദനിപ്പിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ ദൈവനാമത്തിൽ ഞങ്ങളോട് ക്ഷമിക്കണമെന്ന് അപേക്ഷിച്ചു ഞങ്ങൾ ഞങ്ങളുടെ തലകളെ വണക്കുന്നു. ഞങ്ങൾക്കു വേണ്ടിയുള്ള പ്രാർഥന മുടക്കരുതേ.

ഇപ്രകാരം അനുരഞ്ജനപ്പെടുന്ന വിശുദ്ധ ഗണത്തിലാണ് കർത്താവിന്റെ രക്ഷാകര സംഭവങ്ങൾ ആകുന്ന 40 ദിവസത്തെ നോമ്പും രക്ഷകരമായ കഷ്ടപ്പാടും സ്ലീബായിലേക്കുള്ള കരേറ്റവും ജീവപ്രദമായ മരണവും മാന്യമായ കബറടക്കവും മഹത്വകരമായ ഉയിർത്തെഴുന്നേല്പ്പും അനുഭവേദ്യമയി തീരുന്നത്. ഈ നോമ്പ് നാളുകൾ ദൈവത്തോടും ദൈവസംഘത്തോടും ഉള്ള സംസർഗത്തിലൂടെയും യാക്കോബിനെ പോലെ സഹോദരനിലേക്ക് പ്രയാണം ചെയ്യുന്നതിനും ദൈവീക പദ്ധതിക്ക് വിധേയപെടുത്തി, ജോസഫിനെ പോലെ സഹോദരനോട് ക്ഷമിക്കുന്നതിനും സകലവും നഷ്ടപ്പെടുത്തി തിരികെ വന്ന ഇളയ മകനെ പോലെയും ദൈവീക സ്നേഹത്തിന്റെ നീർച്ചാലുകൾ തുറന്ന പത്രോസിനെ വീണ്ടെടുത്ത യേശു മ്ശിഹായെ പോലെയും അനുരഞ്ജനത്തിന്റെ സൗരഭ്യം പരത്താൻ നമുക്കും ഇടയാകട്ടെ.



# സാമൂഹിക തിന്മകളോടുള്ള ക്രൈസ്തവ പ്രതികരണം

റവ. ബോബി മാത്യു

ആമോസ്: 2:6-8, 5: 21-24

യഹോവ ഇപ്രകാരം ചെയ്യുന്നു ഇസ്രയേലിന്റെ മൂന്നോ നാലോ അതിക്രമം നിമിത്തം അവർ നീതിമാനെ പണത്തിനും ദരിദ്രന് ഒരു കൂട്ട് ചെരുപ്പിനും വിറ്റു കളഞ്ഞിരിക്കുകയാണ് തന്നെ ഞാൻ ശിക്ഷ മടക്കി കളയുകയില്ല അവർ എളിയവരുടെ തലയിൽ മൺ പൊടി കാണ്മാൻ കാംക്ഷിക്കുകയും സാധുക്കളുടെ വഴി മറിച്ചു കളയും ചെയ്യുന്നു എൻറെ വിശുദ്ധ നാമത്തിൽ അശുദ്ധമാക്കുവാൻ തക്കവണ്ണം ഒരു പുരുഷനും അവൻറെ അപ്പനും ഒരേ യുവതിയുടെ അടുക്കൽ ചെല്ലുന്നു. അവർ ഏതു ബലിപീഠത്തിന് അരികത്തും പണയം വാങ്ങിയ വസ്ത്രം വിരിച്ചു കിടന്നുറങ്ങി പിഴ അടച്ചവരുടെ വീഞ്ഞ് തങ്ങളുടെ ദൈവത്തിൻറെ ആലയത്തിൽ വച്ച് കുടിക്കുകയും ചെയ്യുന്നു

ആമോസ്. 5:21-24

നിങ്ങളുടെ ഉത്സവങ്ങളെ ഞാൻ ദ്വേഷിച്ച് നിരസിക്കുന്നത് നിങ്ങളുടെ സഭായോഗങ്ങളിൽ എനിക്ക് പ്രസാദമില്ല നിങ്ങൾ എനിക്ക് ഹോമ യാഗങ്ങളും ഭോജന യാഗങ്ങളും അർപ്പിച്ചാലും ഞാൻ പ്രസാദിക്കുകയില്ല തടിച്ച മൃഗങ്ങൾക്കുള്ള നിങ്ങളുടെ സമാധാന യാഗങ്ങളെ ഞാൻ കടാക്ഷിക്കുകയില്ല നിൻറെ പാട്ടുകളുടെ സ്വരം എൻറെ മുമ്പിൽ നിന്ന് നീക്കുക നിൻറെ വീണാനാദം ഞാൻ കേൾക്കുകയില്ല എന്നാൽ ന്യായം വെള്ളം പോലെയും നീതി വറ്റാത്ത തോട് പോലെയും കവിഞ്ഞൊഴുകട്ടെ.

ആമോസ് പ്രവാചകൻ സാമൂഹിക നീതിയുടെ പ്രവാചകൻ എന്നറിയപ്പെടുന്നു ബിസി എട്ടാം നൂറ്റാണ്ടിൽ പ്രവചിച്ച ഒരു പ്രവാചകൻ. ഇസ്രായേലിന്റെ പതിമൂന്നാം രാജാവായിരുന്നു യൊരോബായം രണ്ടാമന്റെ കാലത്ത് പ്രവർത്തിച്ചിരുന്ന പ്രവാചകനായിരുന്നു ആമോസ്.

തെക്കോവ എന്ന സ്ഥലത്ത് ജനിച്ചുവെങ്കിലും പ്രവചനം നടത്തിയത് ഇസ്രായേലിൽ സ്ഥിതി ചെയ്യുന്ന ബദ്ദേലിൽ ആയിരുന്നു.

ഇടയനും കാട്ടത്തിപ്പഴം വെറുക്കുന്നവനുമായ അമോസിന് ദൈവം പ്രവചനം വരം കൊടുക്കുകയാണ്. സാധാരണക്കാരനായ ഒരാൾ എങ്ങനെ ഇസ്രായേലിൽ പോയി ശുശ്രൂഷ ചെയ്തു എന്നുള്ള ഒരു ചോദ്യം നിലനിൽക്കുകയാണ്.

യഹോവ ആമോസിനോട് കൽപ്പിക്കുകയാണ് ഇസ്രായേലിൽ പോയി പ്രവചിക്കുക എന്നുള്ളത്. ദൈവത്തിൻറെ കൽപ്പന ശിരസാ വഹിച്ചുകൊണ്ട് അമോസ് നിർവഹിക്കുകയാണ്.

യൊരോബായം രണ്ടാമൻ ഏകദേശം 41 വർഷം ഭരണം നടത്തിയ കാലത്താണ് അമോസ് പ്രവചിച്ചിരുന്നത്. പണം ഇടപാടിന് വേണ്ടി നാണയമാറ്റം കൊണ്ടുവന്ന കാലഘട്ടം. എന്നാൽ സാധാരണക്കാരായ ജനങ്ങളിൽ ഈ നാണയം കൈവശമില്ലായിരുന്നു അത് സാധാരണക്കാരെ ചൂഷണം ചെയ്യുന്നതായി കൂടുതൽ കാണപ്പെട്ട കാലഘട്ടമായിരുന്നു യോരോബായം രണ്ടാമന്റെ കാലഘട്ടം. മതപരമായ അപജയം സംഭവിച്ച കാലഘട്ടം കൂടിയായിരുന്നു. അദ്ധ്യാത്മകതയുടെ ആഴങ്ങൾ കണ്ടെത്തുവാൻ സാധിച്ചിരുന്നില്ല ഇങ്ങനെയുള്ള മതപരവും രാഷ്ട്രീയപരമായ പശ്ചാത്തലത്തിൽ ഇന്നത്തെ ബൈബിൾ സ്റ്റഡി നടത്തുവാൻ ഞാൻ ആഗ്രഹിക്കുന്നു.

1) ആമോസ് അസമത്വ ഘടനകളെ വെല്ലുവിളിക്കുന്ന പ്രവാചകൻ.

അമോസിന്റെ കാലത്തെ അപജയത്തിന്റെ രണ്ട് കാരണങ്ങൾ

ഒന്ന് നീതിന്യായ കോടതികളുടെ പരാജയം

രണ്ട് സമൂഹത്തിലെ ശ്രേണീകരണം

നാലു വാക്യങ്ങൾ ഈ കാരണങ്ങളോട് യോജിക്കുന്നു

ആമോസ് 3:10, 5:7, 5:12, 6:12

നീതിന്യായ സംവിധാനങ്ങളുടെ അപജയം കൃത്യമായി സംഭവിക്കുന്ന ഒരു സാമൂഹിക ഘടന പണിയാനാണ് ആമോസ് ശ്രമിക്കുന്നത്

എന്താണ് നീതിയും ഞാനും തമ്മിലുള്ള വ്യത്യാസം

നീതി എന്താണ്?

ഠലറമസമവ എന്നതാണ് എബ്രായ പദം, കോടതികളുടെ ശരിയായ ഇടപെടൽ മൂലം ശരിയായ നീതി അർഹിക്കുന്നവന് കിട്ടുക എന്നുള്ളതാണ്

ന്യായം എന്താണ്?

ങശവെുമ‌േ എന്ന ഹെബ്രായ പദമാണ് ഇതിന് ഉപയോഗിച്ചിരിക്കുന്നത് നീതി നിലനിൽക്കുന്നതായ പെരുമാറ്റത്തെയാണ് മിഷഫാത്ത് എന്ന് പദം കൊണ്ട് ഉദ്ദേശിക്കുന്നത് .

നമ്മുടെ ഭാഗത്തുനിന്ന് വരേണ്ട പെരുമാറ്റത്തെപ്പറ്റിയാണ് ആമോസ് ഇവിടെ പറയുന്നത് പെരുമാറ്റ ചട്ടങ്ങൾ ന്യായത്തോട് കൂടി പെരുമാറേണ്ട ആവശ്യകത നീതിന്യായ കോടതി അപജയം സംഭവിച്ച സന്ദർഭത്തിൽ നീതി ന്യായം പുനസ്ഥാപിക്കു എന്നാണ് ആമോസിന്റെ ആഹ്വാനം.

ജനം എന്തൊക്കെ തെറ്റ് ചെയ്തു എന്ന് അമോസ് രണ്ടാം അധ്യായത്തിലും നാലാം അധ്യായത്തിലും എട്ടാം അധ്യായത്തിലും പറയുന്നു.

സമ്പന്ന ദരിദ്ര വേർതിരിവ് ആമോസ് പ്രവചന പുസ്തകത്തിൽ പറയുന്നു.

സമൂഹത്തിൽ അടിച്ചമർത്തപ്പെട്ടവർ പാവപ്പെട്ടവർ ഭവനരഹിതർ ഈ കൂട്ടരുടെ എണ്ണം സമൂഹത്തിൽ വർദ്ധിച്ചുകൊണ്ടിരിക്കുമ്പോൾ അവരോടുള്ള നമ്മുടെ സമീപനം എങ്ങനെ ആകണം എന്ന് ആമോസ് ചൂണ്ടി കാണിക്കുന്നു

ആമോസിന്റെ ദർശനം

ആമോസ് 7:7.8 ഒന്നാമത്തെ ദർശനം മതിലിനെ അരികെ നിൽക്കുന്ന യഹോവ തൂക്കുകട്ടയുമായി നിൽക്കുന്നത് കാണാം . സമൂഹം ലംബമായി പണിതിട്ടില്ല എന്ന് യഹോവ തൂക്കുകട്ട പിടിച്ചുകൊണ്ട് അളക്കുകയാണ് .

ഒരു ഉടമ്പടി സമൂഹം പാപം ചെയ്താൽ ശിക്ഷാവിധി ഉണ്ട് അധാർമികതയുടെ വഴിയിലൂടെ സഞ്ചരിക്കുമ്പോൾ സമൂഹത്തിന് എതിരെ പാപം ചെയ്യുന്നു, അത് ദൈവ സന്നിധിയിൽ പാപം ചെയ്യുന്നു എന്ന് കാണപ്പെടുന്നു. ആമോസിന്റെ പ്രവചനം ഇന്നത്തേക്കുള്ള ലഘുലേഖയാണ്

2) ആമോസ് അഴിമതിയുടെ ആഴങ്ങളെ പുറത്തുകൊണ്ടുവരുന്നു

അഴിമതിയുടെ ഘടനകളെ കൊണ്ടുവരുവാൻ ആയിട്ട് ആമോസ് ശ്രമിക്കുന്നു അഴിമതിയെപ്പറ്റി ഇവിടെ ആമോസ് കാണിക്കുന്നു കച്ചവടം മേഖലയിൽ ഇടപെടുന്നവരാണ് അന്നത്തെ ആളുകൾ എന്ന് നമുക്ക് കാണുവാൻ സാധിക്കുന്നു അവിടെ അഴിമതി കൂടുന്നു.

ആമോസ് 8:4 ഞങ്ങളെയും എഫയെ കുറച്ച് ശേക്കേൽനെ വലുതാക്കി കള്ള തുലാസ് കൊണ്ട് വഞ്ചന പ്രവർത്തിച്ച എളിയവരെ പണത്തിനും ദരിദ്രന്മാരെ ഒരു കൂട്ട് ചെരിപ്പിനും മേടിക്കേണ്ടതിനും ഗോതമ്പിന്റെ പതിർ വിൽക്കേണ്ടതിനും ധാന്യ വ്യാപാരം ചെയ്യുവാൻ ഗോതമ്പ് പീടിക തുറന്ന് വെക്കാൻ തക്കവണ്ണം ശപതും എപ്പോൾ കഴിഞ്ഞു പോകും എന്ന് പറഞ്ഞു.

എഫ ധാന്യം അളക്കുവാൻ ഉള്ള പറ ഏകദേശം 40 ലിറ്റർ. ഇതിന്റെ അളവ് കുറയ്ക്കുകയും അങ്ങനെ സാധാരണക്കാരെ കബളിപ്പിക്കുകയും കച്ചവടക്കാർ ചെയ്യുന്നു

ശേക്കൽ എന്നത് 11.5 ഗ്രാം ഭാരമുള്ള കട്ടിയാണ് ചെറുകിട കച്ചവടക്കാരിൽ നിന്നും ധാന്യങ്ങൾ കൂടുതൽ കള്ളത്തരത്തിലൂടെ കച്ചവടക്കാർ വാങ്ങിക്കുന്നു. അങ്ങനെ സാധാരണ ആളുകൾ അവിടെ പറ്റിക്കപ്പെടുന്ന മനുഷ്യ കച്ചവടം പോലും യാഥാർത്ഥ്യമായിരുന്ന ഒരു കാലഘട്ടം. അധാർമികതയ്ക്കെതിരെ ആമോ ശക്തമായി പ്രതികരിക്കുന്നു

ആമോസിന്റെ മറ്റൊരു ദർശനം ആമോസ് 7.1-3

വീട്ടിൽ വന്ന് രാജ്യത്തിൻറെ വിളകളും പച്ച പുല്ലുകളും തിന്നു തീർക്കുന്നു. രാജ്യത്തിൻറെ സമ്പദ്ഘടനയെ വെല്ലുവിളിക്കുന്നതായി ഈ ദർശനം കാണുന്നത്

ശിക്ഷാവിധി ഉണ്ട് എന്ന് അസന്നിഗ്ധമായി ആമോസ് പ്രവാചകൻ ഇവിടെ പറയുന്നു.

അഴിമതി ഇന്ന് എവിടെ നിൽക്കുന്നു എന്ന് നമുക്കറിയാം. അഴിമതിക്കെതിരായി അഴിമതിരഹിതരായി നില്ലകുവാനുള്ള ആഹ്വാനം നമുക്ക് നൽകുന്നു.

3) ആമോസ് ആഡംബര പ്രേമത്തെ പ്രതിരോധിക്കുന്ന പ്രവാചകൻ

ആമോസ് 6:4, 6:6, 3:14

ആഡംബരത്തിലും സുഖലോലുപതയുടെയും ഭൗതിക സമൃദ്ധിയോട് കൂടി അഭിരമിക്കുന്ന ആളുകളെ വിമർശിക്കുന്നു.

ധ മാർത്തോമാ വിശ്വാസികൾ സാമ്പത്തിക ഭദ്രത ഉള്ളവരാണല്ലോ. അത്യാഡംബര പ്രേമത്തിൽ നമ്മൾ കാണിക്കുന്ന പ്രവർത്തികൾ ശിക്ഷാവിധിക്ക് കാരണമായി തന്നെ തീരുന്നു. നമ്മൾ ഉണ്ടാക്കിയ ഭൗതിക സമൃദ്ധി നിമിഷാർദ്ധങ്ങളിൽ തകർന്നുപോകും. ആഡംബര ഭ്രമവും ആർത്തിസംസ്കാരവും ത്യജിച്ച് ജീവിതത്തെ കാണുവാൻ ഇടയാകണം.ബദൽ ജീവിത ശൈലി നാം സ്വീകരിക്കണം.

കാലം ചെയ്തതായിട്ടുള്ള ബഹുമാന്യനായ അലക്സാണ്ടർ മാർത്തോമ മെത്രാപ്പോലീത്ത പറഞ്ഞത് ഇപ്രകാരം ഓർമിപ്പിച്ചുകൊള്ളട്ടെ ആവശ്യത്തിന് അനുസരിച്ച് വരുമാനം ഉണ്ടാക്കുകയല്ല മറിച്ച് വരുമാനത്തിനനുസരിച്ച് നമ്മുടെ ആവശ്യങ്ങൾ പരിമിതപ്പെടുത്തണം.

4) അസാന്മാർഗിക ജീവിതശൈലിയെ വിമർശിക്കുന്ന പ്രവാചകൻ

ആമോസ് 2:7 പറയുന്നു ഒരു പുരുഷനും അവൻറെ അപ്പനും ഒരേ യുവതിയുടെ അടുക്കൽ ചെല്ലുന്നു

സ്ത്രീകളുടെ നേരെയുള്ള അതിക്രമണം ഉടമ്പടിയുടെ ലംഘനമാണെന്ന് ആമോസ് പറയുന്നു. ലൈംഗിക അധാർമികതയുടെ പേരിൽ മുറിവിളി കൂട്ടുന്ന ഈ സമൂഹത്തിന് ആമോസിന്റെ ഒരു വിമർശനം കൂടിയാണിത്.

സ്ത്രീകളുടെ ഭാഗത്തുണ്ടാകുന്ന തെറ്റായ പെരുമാറ്റ ചട്ടങ്ങളെയും വിമർശിക്കുവാൻ ശ്രമിക്കുന്നുണ്ട് എന്നുള്ളത് വളരെ ശ്രദ്ധേയമാണ്.

ആമോസ് 4:1 പറയുന്നത് പോലെ മറ്റുള്ളവരുടെ സമ്പത്ത് കണ്ടുകൊണ്ട് പ്രവർത്തിക്കരുത് എന്നുള്ള ആഹ്വാനം കൂടി ആമോസ് നമുക്ക് നൽകുന്നു.

5) ആമോസ് ആധ്യാത്മിക അപജയങ്ങളുടെ മേൽ ന്യായവിധി പ്രഖ്യാപിക്കുന്ന പ്രവാചകൻ

കേവലം ബലികളാലും ധൂപാർപ്പിത പ്രാർത്ഥനകളുടെയും ബലത്തിൽ ദൈവ പ്രീതി പിടിച്ച് പറ്റുവാൻ സാധിക്കുമെന്നത് തെറ്റിദ്ധാരണയാണ്. പിന്തിരിപ്പിക്കുന്ന പിന്തിരിപ്പൻ നയത്തെപ്പറ്റി ആമോസ് ഇവിടെ ചൂണ്ടിക്കാണിക്കുന്നു . ദേവാലയം അനുദിന ജീവിത ഇടങ്ങളിൽ യാഥാർത്ഥ്യമായി മാറണമെന്ന് ആമോസ് പഠിപ്പിക്കുന്നു.

ബലിപീഠത്തെ അടിച്ചു തകർക്കുന്ന യഹോവയെ കാണുവാനായിട്ട് സാധിക്കുന്നു. ദേവാലയം ദേശത്തിന്റെ സൗഖ്യത്തിന്റെയും അനുഗ്രഹത്തിന്റെയും സ്ഥലമായി മാറേണ്ട സ്ഥലമാണ്. ദേവാലയം വലിയ ശാപത്തിന്റെ സ്ഥലമായി മാറരുത് എന്ന ഓർമ്മപ്പെടുത്തലാണ് അമോസ് ചൂണ്ടിക്കാണിക്കുന്നത്. സമാധാനത്തിന്റെ സന്തോഷത്തിന്റെ പ്രതീകമായിരിക്കണം ആരാധനയുടെ ഇടങ്ങൾ സമൂഹത്തിന്റെ ശാപമായി മാറും എന്ന് പറയപ്പെടുന്ന ആസാഹചര്യത്തിൽ നിന്ന് അകന്ന് മാറേണ്ട ആവശ്യകത ഇന്നത്തെ സമൂഹത്തോടുള്ള ആമോസിന്റെ പ്രവചനമാണ്

മടങ്ങിവരുവാൻ ആവശ്യപ്പെടുന്ന ആമോസ് . ആമോസ് 5:4, 5:6 14:5 വാക്യങ്ങളിൽ ദൈവത്തെ അന്വേഷിച്ച് അവനിലേക്ക് മടങ്ങി വരണം എന്നുള്ള ആഹ്വാനമാണ് നൽകുന്നത്. തെറ്റ് തിരുത്തി തിന്മയ്ക്കെതിരെ നിൽക്കുന്ന, പ്രത്യാശയുടെ സന്ദേശം പറഞ്ഞുകൊണ്ട് ആമോസ് തന്റെ ഈ പുസ്തകം അവസാനിപ്പിക്കുന്നു



മാരാമൺ കൺവൻഷനോട് ചേർന്ന് കെ.എസ്.ആർ.ടി.സി താത്ക്കാലിക ഡിപ്പോയിൽ നിന്നും ആരംഭിച്ച സർവ്വീസ് ജില്ലാ പഞ്ചായത്ത് അംഗം സാറാ തോമസ് ഫ്ളാഗ് ഓഫ് ചെയ്യുന്നു. സജായ് പി സൈമൺ, പി.കെ.കുരുവിള, തോമസ് കോശി, റ്റിജു എം ജോർജ്ജ്, സുവിശേഷ പ്രസംഗ സംഘം ട്രഷറാർ ഡോ.എബി വാരിക്കാട്, അഡ്വ.ജേക്കബ്ബ് ജോൺ, സ്റ്റേഷൻ മാസ്റ്റർ സുനിൽ എന്നിവർ സമീപം

കുടുംബ വേദി

# കുടുംബം: സൗകര്യങ്ങളിൽ നിന്ന് സമർപ്പണത്തിലേക്കുള്ള യാത്ര

റവ. ഡോ. കെ. തോമസ്



മാരാമൺ കൺവൻഷൻ കുടുംബവേദി യോഗത്തിൽ റവ. ഡോ. കെ. തോമസ് പ്രസംഗിക്കുന്നു.

129-ാമത് മാരാമൺ കൺവെൻഷൻ യോഗത്തിൽ അഭിവന്ദ്യ മെത്രാപ്പോലീത്ത പറഞ്ഞ വാക്ക് ഓർമിപ്പിച്ച് ഈ ധ്യാനത്തിലേക്ക് കടക്കാൻ ആഗ്രഹിക്കുന്നു. തിരുമേനി ഓർമിപ്പിച്ചു ഒരു കുഞ്ഞു ജനിക്കുമ്പോൾ അമ്മയും ജനിക്കണം ഒരു കുഞ്ഞു പിറക്കുമ്പോൾ അമ്മയും പിറക്കും. തിരുമേനി രേഖപ്പെടുത്തി ഒരു കുടുംബം ആരംഭിക്കുന്നത് രൂപപ്പെടലിന്റെയും രൂപാന്തരപ്പെടലിനുമാണ്.

**കുടുംബം: സൗകര്യങ്ങളിൽ നിന്ന് സമർപ്പണത്തിലേക്കുള്ള യാത്ര.** (Family: from convinence to commitment)

ഒരു കുടുംബം ആരംഭിക്കുന്നത് ഒരു വിവാഹ കൂദാശയിലൂടെയാണ്. ഓരോ വിവാഹ കൂദാശയും ഒരു കുടുംബത്തോട് മൂന്നു വാക്കുകൾ ഓർമിപ്പിക്കുന്നു

1) God blessed ( ദൈവം വലങ്കരം കൊണ്ട് അനുഗ്രഹിച്ചു)

2) God command (ദൈവം കൂട്ടി ചേർത്തതിനെ മനുഷ്യൻ വേർതിരിക്കരുതെന്ന് കൽപ്പിച്ചു)

3) God encouraged ( ദൈവം പ്രോത്സാഹിപ്പിച്ചു)

ദൈവം നമ്മുടെ ഭവനങ്ങളെ മൂന്നു വാക്കുകൾ കൊണ്ട് അനുഗ്രഹിക്കുമ്പോൾ നാം ആയിരിക്കുന്ന ഭവനം ഇന്ന് ഉത്തരാധുനിക കാലത്തിലൂടെയാണ് നാം കടന്നുപോകുന്നത്. ഈ കാലം ഭവനങ്ങളിൽ പുതിയ നാല് ചോദ്യങ്ങൾ ഉന്നയിക്കുന്നു.

**1) കുടുംബം നൽകപ്പെട്ടതാണോ അതോ തിരഞ്ഞെടുപ്പാണോ.** (Family a choice or given)

ആധുനിക തലമുറ കുടുംബത്തിന് രൂപം മാറ്റം വരുത്തി പറയുന്ന കാര്യങ്ങളാണ് marriage is an inconvience for me വിവാഹം വേണ്ട we practice a celebacy syndrome. എങ്ങനെ ജനിച്ചു എങ്ങനെ വളരുന്നു അങ്ങനെ തുടരാം എന്ന് ചിന്താഗതിയിലേക്ക് പുതുതലമുറ മാറുന്നു. ജപ്പാൻ മുതലായ രാജ്യങ്ങളിൽ പുതിയ മണവാട്ടികൾ ജനിക്കുകയാണ്. അതിന്റെ പേര് robetic brides എന്നാണ്. റോബോട്ട് എല്ലാം നടത്തിക്കൊടുക്കുന്നു. ഇങ്ങനെ കുടുംബത്തിന് രൂപമാറ്റം വരുത്തുന്നു.

എന്നാൽ സ്വർഗ്ഗം നമ്മോട് പറയുന്നു ദൈവത്താൽ നിയോഗിതമായതാണ് കുടുംബം. ഇന്ന് ഒറ്റയ്ക്കിരിക്കാൻ ആഗ്രഹിക്കുന്ന ആളുകളുടെ എണ്ണം കൂടുകയാണ് അത് തെറ്റല്ല. ഒരു വിവാഹ ജീവിതത്തിൽ ആയാലും സന്യാസ ജീവിതത്തിൽ ആയാലും അതിന്റെ മുകളിൽ ദൈവത്തിന്റെ നിയോഗം ഉണ്ട് എന്ന് മറന്നു പോകരുത്.

Christian marriage is finding the true friend. ഏത് അവസ്ഥയിലായാലും ദൈവനിയോഗം ഉണ്ട് എന്ന് മറന്നുപോകരുത്. We born here for defent purpose.

**2) കുടുംബം ദൈവസ്നേഹത്താൽ നിർമ്മിതമോ അതോ മനുഷ്യമോഹത്തിന്റെ രൂപപ്പെടലോ? (**Family : construct love or lest)

ഈ ചോദ്യത്തിന്റെ അർത്ഥം നോക്കുമ്പോൾ സ്നേഹം നൽകുന്നതിനെ വിവക്ഷിക്കുന്നു. എന്നാൽ തിരികെ എന്തുലഭിക്കും എന്നതാണ് മോഹത്തിന്റെ അടിസ്ഥാനം. Love is giving and lest is receiving. എന്നാൽ സ്നേഹം കേവലം ലൈംഗികതയായി പരിണമിക്കുന്നു എന്നതാണ് ഇന്നത്തെ പ്രധാന പ്രശ്നം.

വേദപുസ്തകം ലൈംഗികതയ്ക്ക് മൂന്ന് രീതിയിൽ നിർവചിക്കുന്നു,

1) love

2) give

3) relate

> ഒരാളുടെ ബലം കൊണ്ട് മറ്റൊരാളുടെ ബലഹീനതയെ മറക്കുന്നതാണ് കുടുംബജീവിതം. അതിലൂടെ കുടുംബം അനുഗ്രഹമായി തീരും

ഈ മൂന്ന് കാര്യങ്ങൾ മനുഷ്യബന്ധത്തിന്റെ എല്ലാ ഭാഗങ്ങളെയും പൂർത്തിയാക്കുന്നു. Body is a great. Body is for the altar. മണവാളനും മണവാട്ടിയും ദേവാലയത്തിൽ പ്രവേശിക്കുമ്പോൾ ശുശ്രൂഷകൻ തിരശ്ശീല പകുതി മാറ്റും. Lord we are bringing our bodies to submit to your altar for sacrifice

നമ്മുടെ ശരീരങ്ങൾ വാഴ്ത്താനുള്ളതാണ് നമ്മുടെ പങ്കാളികളെ വാഴ്ത്തി കിട്ടിയതാണ്. ഈ കാലത്തിൽ ഏറ്റവും കൂടുതൽ മലിനമാകുന്നത് നമ്മുടെ ശരീരങ്ങളാണ്. അതുകൊണ്ട് നാം നമ്മുടെ ശരീരങ്ങളെ മലിനമാക്കാതെ ക്രിസ്തുവിന് വാഴ്ത്താനുള്ളത് എന്ന ബോധ്യത്തിൽ ജീവിക്കണം.

3) കുടുംബം: വൈകാരികമായ കാര്യവിചാരകത്വമോ സ്വസ്നേഹമോ? (Family: is an emotional stewardship/ narcissam)

വൈകാരികമായ കാര്യവിചാരകത്വത്തിന് മൂന്ന് വികാരങ്ങൾ ഉണ്ടാകണം.

1) glad, 2) sad, 3) mad ഇതിലൂടെ ചിലന്തകൾ നമുക്ക് പങ്കുവയ്ക്കാം.

1) All gladness should be celebrate

കൊച്ചു കൊച്ച് സന്തോഷങ്ങളെ ആഘോഷമാക്കണം.

2) Receive all sadness

ഏത് അവസ്ഥയായാലും അതിനെ സ്വീകരിക്കാൻ തയ്യാറാകണം. സങ്കടപ്പെട്ടിരുന്നാൽ അരികിൽ നിൽക്കാൻപോലും ആളില്ലാത്ത സാഹചര്യമാണ് കാണപ്പെടുന്നത്.

3) Respect all madness

ഇന്ന് വീടിന്റെ തകർച്ച നിർവികാരതയിലാണ്. ഒരുമിച്ച് സന്തോഷിക്കാനും ദുഃഖിക്കാനും താല്പര്യമില്ല. വീടിനെ വീണ്ടെടുക്കാൻ വികാരങ്ങൾ വീണ്ടെടുക്കണം.

4) Family is practicing toxic relationship instead of Holiness relationship

കുടുംബം വിശുദ്ധിയിൽ നിന്ന് അശുദ്ധിയിലേക്ക് നീങ്ങുകയാണ്. വിഷലിപ്തമാണ് വീടുകൾ സമൂഹത്തിനറിയാം ഇന്ന് കുടുംബങ്ങളിൽ വിഷം കലരുകയാണ്.

മൂന്ന് കാര്യങ്ങളിലേക്കാണ് ഇന്ന് കുടുംബങ്ങൾ വളരുന്നത്.

1. Misuse or abuse of drugs and alcohol

2.vishual addiction

3.unfaithful partners

ഒരു ഭവനം നിർമ്മിച്ച് എടുക്കേണ്ട സമർപ്പണങ്ങൾ

Family is a system in balance

കുടുംബം ഒരു താളക്രമം ഉണ്ട്

2 വാക്കുകൾ ഇവിടെ കാണാം

1) it affects each other

2) it effects each other

ഇന്ന് വീടുകൾ കടന്നു പോകുന്നത് affect ആണോ effect ആണോ. നാം നമ്മുടെ വീടുകളെ സ്വാധീനിക്കാൻ സാധിക്കുമോ. ഈ അടിസ്ഥാനത്തിൽ കുടുംബത്തെ രൂപപ്പെടുത്താൻ സാധിക്കണം.

1) we are called to be keeps an equilibrium

40 വർഷംകൊണ്ട് പണിത വീട് താളം തെറ്റി പോകരുത്. വീടിന്റെ താളം തെറ്റാതെ പിടിച്ചുനിർത്താൻ സാധിക്കണം. മുതിർന്ന ആളുകളോട് ചോദിച്ചാൽ എത്രതവണ ബാലൻസ് തെറ്റി പോകാമായിരുന്നു. എങ്കിലും ദൈവകൃപ കൊണ്ട് മാത്രം ഇന്നും ഭവനങ്ങൾ താളം തെറ്റാതെ നിലനിൽക്കുന്നു. വീടുകളുടെ താളം സൂക്ഷിക്കാൻ മനശാസ്ത്ര ഭാഷയിൽ മൂന്നു വാക്കുകൾ കാണാൻ സാധിക്കും

1) സഹനം (tolerance)

2) ആത്മനിയന്ത്രണം (self control)

3) സ്വയത്യാഗം (self denial)

ഒരു ഭവനത്തിന്റെ താളം നിലനിർത്താൻ ആ ഭവനത്തിൽ സഹനവും ആത്മനിയന്ത്രണവും നമ്മളിൽ ഉണ്ടാകണം.

2) Family is a system of attachment

കുടുംബം ദൃഢമായ അടുപ്പങ്ങളുടെ ഇടമാണ്. 3 മൂന്നു വാക്കുകളിലൂടെ കുടുംബത്തെ ദൃഢമായി അടുപ്പിക്കാൻ സാധിക്കും.

1) accept, 2) respect, 3) encourage

ജീവിതത്തിൽ എല്ലാവരെയും അംഗീകരിക്കാനും എല്ലാവരെയും ബഹുമാനിക്കാനും എല്ലാത്തിനെയും പ്രോത്സാഹിപ്പിക്കാനും സാധിച്ചാൽ കുടുംബത്തെ ദൃഢമാക്കാൻ സാധിക്കും.

3) Family is a system of bonding

ഒരാളുടെ ബലം കൊണ്ട് മറ്റൊരാളുടെ ബലഹീനതയെ മറക്കുന്നതാണ് കുടുംബജീവിതം. അതിലൂടെ കുടുംബം അനുഗ്രഹമായി തീരും.


**മാരാമൺ കൺവൻഷൻ പാട്ടുപുസ്തകങ്ങൾ**

മലയാളം 20 രൂപ ഇംഗ്ലിഷ് ട്രാൻസ്ലിറ്ററേറ്റഡ് 30 രൂപയ്ക്ക് മണൽപ്പുറത്ത് ലഭ്യമാണ്.
കൺവൻഷൻ പാട്ടുകളുടെ സി.ഡി 100 രൂപയ്ക്ക് യുവജനസഖ്യം സ്റ്റാളുകളിൽ ലഭ്യമാണ്.
കൺവൻഷൻ പാട്ടുകളുടെ പെൻഡ്രൈവ് 400 രൂപയ്ക്ക് യുവജനസഖ്യം സ്റ്റാളുകളിൽ ലഭ്യമാണ്

സായാഹ്നയോഗം

# ഞങ്ങൾ ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ പ്രസംഗിക്കുന്നു




മാരാമൺ കൺവൻഷൻ രാത്രിയോഗത്തിൽ അഭിവന്ദ്യ മാത്യൂസ് മാർ സെറാഫിം എപ്പിസ്കോപ്പാ പ്രസംഗിക്കുന്നു

ത്രിയേക ദൈവത്തിന് മഹത്വവും നന്ദിയും സ്തുതിയും സ്തോത്രവും കരേറ്റുന്നു.129 മത് മാരാമൺ കൺവൻഷന്റെ ഈ വേദിയിൽ എഴുന്നേറ്റു നിൽക്കുവാൻ വലിയനായ ദൈവം സഹായിച്ചു അതോർത്ത് ദൈവത്തെ സ്തുതിക്കുന്നു. ആദരണീയരായ നമ്മുടെ പിതാക്കന്മാർ സുപ്രസിദ്ധരായ പ്രസംഗകർ മുതലായവർ പ്രസംഗിച്ച ഈ വേദിയിൽ അതിന്റെ പിന്തുടർച്ചക്കാർ ആകുവാൻ സാധിച്ചതിൽ ദൈവത്തിനെ മഹത്വപ്പെടുത്താം.

വിശുദ്ധ മത്തായി 9:35– 10– 1:15 വരെയുള്ള വാക്യങ്ങൾ ചിന്തയ്ക്ക് ആധാരമായി എടുക്കാം. പത്താം അധ്യായത്തിന്റെ എട്ടാം വാക്യത്തിന്റെ അവസാന ഭാഗത്ത് ഇപ്രകാരം വായിക്കുന്നു:

സൗജന്യമായി നിങ്ങൾക്ക് ലഭിച്ചു; സൗജന്യമായി കൊടുപ്പിൻ. ഒരു പുതിയ പള്ളിയുടെ നിർമ്മാണത്തിന് ശേഷം അതിന്റെ മുഖവാരത്തിന് സമീപം ഇപ്രകാരം എഴുതിയിരുന്നു:

"But we preach Christ crucified"

'ഞങ്ങൾ ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ പ്രസംഗിക്കുന്നു' എന്നാൽ കുറച്ചു വർഷങ്ങൾക്കു ശേഷം ചെടികൾ വളർന്നുവന്ന് "We Preach' എന്ന ഭാഗം മാത്രം കാണാവുന്നതുപോലെ അതിനെ മറച്ചു. ഇന്ന് അനേകം പ്രസംഗങ്ങൾ നടക്കുന്നുണ്ട്, എന്നാൽ ക്രൂശിക്കപ്പെട്ട യേശുവിന്റെ വചനം അവിടെ ഒന്നുമില്ല. കുരിശും ക്രിസ്തുവും നമ്മുടെ പ്രസംഗത്തിൽ എവിടെ?

വിളിക്കപ്പെട്ട സമൂഹം എന്ന നിലയിൽ ഈ നോമ്പിൽ നമ്മുടെ വചന ധ്യാനങ്ങളിലൂടെ ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ പ്രസംഗിക്കുന്നതിനും അതിനു നമ്മെ വിധേയപ്പെടുത്തുന്നതിനും അതിലൂടെ ഈ ലോകം ക്രിസ്തുവിന്റെ സാക്ഷികളായി തീരുന്നതിനുമുള്ള അവസരമാണ് സൃഷ്ടിക്കപ്പെടേണ്ടത്. പോപ്പ് ഫ്രാൻസിസ് മാർപാപ്പ നോമ്പിനെ പറ്റി ഇപ്രകാരം പറയുന്നു:

A deeper relationship with God through better treatment of others.

"Others" എന്നത് കൊണ്ട് കേവലം മനുഷ്യരാശിയെ മാത്രമല്ല, പ്രകൃതിയെയും ദൈവത്തിന്റെ സൃഷ്ടിയെയും വീണ്ടെടുക്കുന്ന അനുഭവത്തിൽ പങ്കുചേരുന്ന ഒരു ശുശ്രൂഷയാണ് അത് എന്ന് നാം ഓർക്കേണ്ടത് ആവശ്യമാണ്.

കർത്താവിന്റെ ശിഷ്യന്മാരെ സാക്ഷ്യത്തിന്റെ വലിയ ദൗത്യത്തിന് അയക്കുമ്പോൾ പ്രാർത്ഥിക്കണം എന്നുള്ള ആഹ്വാനമാണ് നാം ആദ്യം കാണുന്നത്. എന്നാൽ തുടർന്ന് പോകണം എന്നുള്ള ആഹ്വാനവും കൂടി കർത്താവ് നൽകുന്നതായി നാം കാണുന്നു. അതുകൊണ്ട് ദൗത്യത്തിൽ നാം പങ്കാളികളായി തീരുമ്പോൾ പ്രാർത്ഥിക്കുകയും സഹകാരികളായി തീരുകയും ചെയ്യുവാൻ നമുക്ക് സാധിക്കും, അതിനോടൊപ്പം തന്നെ പോകുക എന്ന ആഹ്വാനവും കർത്താവ് നമുക്ക് നൽകുന്നു.

അതുകൊണ്ട് ഒരു വലിയ സമൂഹത്തിൽ നിന്നും 12 പേരെ തന്റെ ശിഷ്യന്മാരായി തിരഞ്ഞെടുത്തു അയക്കുമ്പോൾ കർത്താവ് അവരോട് അജ്ഞാപിക്കുന്നത് അയക്കപ്പെടുക (അപ്പോസ്തലർ) എന്നതാണ്. അപ്പോസ്തലൻ എന്നത് Apostleno (To send forth with a commission) എന്ന ഗ്രീക്ക് പദത്തിന്റെ പരിഭാഷയാണ്. ഒരു രാജാവ് തന്റെ സ്ഥാനാപതിയായി മറ്റൊരാളെ അയക്കുന്നു എന്ന പശ്ചാത്തലത്തിലാണ് ഈ വാക്ക് ഉപയോഗിക്കുന്നത്. സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരം നൽകപ്പെട്ടിരിക്കുന്ന കർത്താവ് ശിഷ്യന്മാരെ നിയോഗിച്ച അയക്കുന്നതാണ് നാം ഇവിടെ കാണുന്നത്. ഏതു തരത്തിലുള്ള അധികാരമാണ് കർത്താവ് നൽകുന്നത്? അത് ശുശ്രൂഷിക്കുന്നതിനുള്ള അധികാരമാണ്. താനാരാണെന്നും എവിടെയാണെന്നും എവിടേക്ക് പോകുന്നു എന്നുമുള്ള ബോധ്യം യേശു കർത്താവിന് ഉണ്ടായിരുന്നു (വി. യോഹ. 13:3). തന്നെത്താൻ താഴ്ത്തി അരിയിൽ ഒരു തോർത്തും ചുറ്റി ശിഷ്യന്മാരുടെ കാലുകൾ കഴുകുന്നതിലൂടെ ശുശ്രൂഷ മനോഭാവപ്രകാരമായിരിക്കണം എന്ന് ക്രിസ്തു വെളിപ്പെടുത്തുന്നു. Basin and towel: two powerful symbols of ministry.

അയക്കപ്പെട്ടവരായി തങ്ങളുടെ ദൗത്യരംഗങ്ങളിലേക്ക് ശിഷ്യന്മാർ പോകുമ്പോൾ, വെള്ളിയും പൊന്നുമല്ല മറിച്ച് കർത്താവിന്റെ വിലയേറിയ രക്തത്താൽ ആണ് വീണ്ടെടുപ്പ് സാധ്യമാകുന്നത് എന്ന ബോധ്യം അവർക്ക് ഉണ്ടായിരുന്നു എന്ന് നാം കാണുന്നു. (അ.പ്ര. 3:6) ഇവിടെ ഒഴിഞ്ഞുമാറുന്നതിനുള്ള ശ്രമമല്ല മറിച്ച് അടിസ്ഥാന ആവശ്യം നടത്തി കൊടുക്കുന്നതിനുള്ള ശ്രമമാണ് നാം കാണുന്നത്. കർത്താവ് സകലവും നമുക്ക് ദാനമായി നൽകിയിരിക്കുന്നു. ദാനമായി ലഭിച്ചതിനെ ദാനമായി നൽകുന്ന ശുശ്രൂഷയാണ് നാം നിർവഹിക്കേണ്ടത്. അത് സമ്മാനമാണെങ്കിലും സമാധാനം ആണെങ്കിലും. സഭ പണം ഉണ്ടാക്കുന്ന ഇടമല്ല സമാധാനം നൽകുന്ന ഇടമാണ്.

പോയശേഷം ഞാൻ മടങ്ങിവരും എന്ന് നല്ല ശമര്യാക്കാരൻ സത്രം സൂക്ഷിപ്പുകാരനോട് പറയുന്നപോലെ കർത്താവും നമ്മോട് പറയുന്നു. സത്രം സൂക്ഷിപ്പുകാരൻ എന്ന നിലയിൽ നമുക്ക് നൽകപ്പെട്ടതിനെ 'നോക്കിക്കൊള്ളുക' എന്ന ദൗത്യമാണ് നമ്മെ ഭരമേല്പിച്ചിരിക്കുന്നത്. ക്രിസ്തുവിന്റെ ശിഷ്യരായ ഇതുപോലെ ചില കടമകൾ ദൈവം ഭരമേല്പിച്ചിട്ടുണ്ട്. അത് ശരിയാംവണ്ണം നിർവഹിക്കുക എന്നുള്ളതാണ് നമ്മുടെ കർത്തവ്യം. എന്നാൽ നാം ഇന്ന് ഭൗതികമായ തന്നെയാണ് വിലയുള്ളതായി കാണുന്നത്. ദൈവത്തിൽ നിന്ന് എന്തെല്ലാം ദാനങ്ങളാണ് നാം പ്രാപിച്ചിരിക്കുന്നത്. ജീവിതം, ശ്വാസം സ്നേഹം സമാധാനം പാപക്ഷമ സൗഖ്യം ശുദ്ധീകരണം കൃപ വീണ്ടെടുപ്പ് വിമോചനം രക്ഷ പുതുക്കം അനുഗ്രഹം ദൈവിക സംസർഗ്ഗം നിത്യജീവൻ മുതലായ ദൈവീക ദാനങ്ങൾ നാം സ്വീകരിക്കുമ്പോൾ അവന്റെ ഉപകാരങ്ങൾ ഒന്നും മറന്നുപോകരുത്. സൗജന്യമായി ശ്വാസം ശുദ്ധജലം ഭൂമി വിഭവങ്ങൾ എല്ലാം നാം അനുഭവിക്കുമ്പോൾ അവയെല്ലാം ദൈവദാനമാണെന്ന് ഓർത്ത് നാം ജീവിക്കണം. ദൈവം അനുഗ്രഹിക്കുന്ന വിധത്തിൽ ദൈവത്തിൽ നിന്ന് പ്രാപിച്ചതിനെ പങ്കുവെക്കുക. ദൈവത്തിൽ നിന്നും നാം പ്രാപിക്കുന്ന ക്ഷമ സമാധാനം തുടങ്ങിയവ മറ്റുള്ളവർക്ക് കൂടിയുള്ളതാണ് എന്ന തിരിച്ചറിവിൽ നാം അതിനെ പങ്കുവയ്ക്കണം. അതിന്റെ ഭാഗമായാണ് വിശുദ്ധ കുർബാനയുടെ മധ്യേയുള്ള സമാധാനത്തിന്റെ പ്രാർത്ഥനയും കൈയസൂരിയും നാം നിർവഹിക്കുന്നത്. എന്നാൽ ഇന്ന് നമ്മുടെ സമാധാനത്തിന്റെ പ്രാർത്ഥനയും കയ്യസൂരിയും വെറും യാന്ത്രികമായി മാറുന്നു.

ഈ വലിയ ലോകത്തിൽ ദൈവം സൃഷ്ടിച്ചതിൽ നാം നെഞ്ചുവിരിച്ച് നടക്കുന്നത് എത്ര നിസ്സാരമായാണ്. സ്വയാജിത കഴിവുകളിൽ അഹങ്കരിക്കുന്നവരല്ലേ നാം? വിശുദ്ധ കുർബാന മധ്യേ എല്ലാ ഞായറാഴ്ചയും പട്ടക്കാരൻ ഇപ്രകാരം പ്രാർത്ഥിക്കുന്നു 'നീ സ്നേഹിക്കുന്നതും നിന്റെ ദൈവത്തിന് ചേർച്ചഉള്ളതും പ്രസാദം ഉള്ളതുമായ ക്രിസ്തീയ പൂർണ്ണത ഞങ്ങൾക്ക് സൗജന്യമായി തരണമേ'.ആ പൂർണ്ണതയുടെ സ്വീകർത്താക്കൾ ആയി അതിൽ തൃപ്തരാകുക മാത്രമല്ല, സ്വീകർത്താക്കളായ നാം വിളമ്പുകാർ കൂടിയാകുക എന്നതാണ് ദൈവഹിതം. ആ ദൈവഹിതം തിരിച്ചറിഞ്ഞെങ്കിൽ മാത്രമേ സൽഗുണ പൂർണരാകുവാൻ സാധിക്കുകയുള്ളൂ.

ഹൃദയ പരിവർത്തനത്തിന്റെ സ്വഭാവം ദൈവസ്നേഹമാണ്. ദൈവസ്നേഹവും മനുഷ്യസ്നേഹം ഒരേപോലെ ഇല്ലെങ്കിൽ അപകടകരമാണ്. The mission of Jesus is not almsgiving but self giving. സ്വതവേ സ്വാർത്ഥരായിരിക്കുന്ന നമുക്ക് എങ്ങനെ നിസ്വാർത്ഥരായി തീരുവാൻ സാധിക്കും? നമ്മെ ദൈവത്തിന് സ്വയം നൽകുക. സ്വയം നൽകലാണ് യേശു കാണിച്ചത് കൊടുത്തത്. കർത്താവ് പറഞ്ഞു 'ദാഹിക്കുന്നവൻ എന്റെ അടുക്കൽ വന്നു കുടിക്കട്ടെ'. ജീവജലത്തിന്റെ നദികൾ നമ്മിൽ നിന്ന് ഒഴുകുവാൻ നാം ഉത്തരവാദിത്തപ്പെട്ടവരാണ്.

പാരിസിലെ തിളക്കമാർന്ന ജീവിത ഉപേക്ഷിച്ച് ആഫ്രിക്കയുടെ വനാന്തരങ്ങളിലേക്ക് ശുശ്രൂഷയ്ക്കായി ഇറങ്ങിത്തിരിച്ച Albert Sweitzer നമുക്കേവർക്കും ഒരു മാതൃകയാണ്. ലാഭം ഉണ്ടാക്കുന്ന ഭൂതങ്ങളെ നമ്മുടെ ജീവിതത്തിൽ നിന്നും പുറത്താക്കാൻ നമുക്ക് സാധിക്കണം. ഇന്ന് എന്തൊക്കെ ദുർബോധങ്ങളാണ് നമ്മെ ബാധിച്ചിരിക്കുന്നത്? ധൂർത്ത് അധികാരഭ്രമം സ്ഥാനമോഹം ദുർഭൂതങ്ങളോട് വിട പറയാതെ ശുശ്രൂഷ നിർവഹിക്കുവാൻ നമുക്ക് സാധിക്കുകയില്ല. കർത്താവ് പറയുന്നു 'പോകുവിൻ, ചെന്നായ്ക്കളുടെ നടുവിൽ കുഞ്ഞാടുകളെ പോലെ ഞാൻ നിങ്ങളെ അയക്കുന്നു'. We need a tough mind and and a tender heart. ഉറച്ച ബോധ്യമുള്ള മനസ്സും തരളിതമായ ഹൃദയവും വീണ്ടെടുക്കണം. എന്തെങ്കിലും ഒരു ശുശ്രൂഷ അല്ല മറിച്ച് ആടുകളെപ്പോലെ ചിന്നിയവരെയും ചിതറിയവരെയും കണ്ടിട്ട് മനസ്സലിയുന്ന ശുശ്രൂഷയാണ് സഭ നിർവഹിക്കേണ്ടത്.

യഥാർത്ഥ അധ്യാത്മികത വീണ്ടെടുപ്പിന്റെ അനുഭവമാണ്. ഇന്ന് മതം ഉപദ്രവകാരികളായി തീരുന്നു. സഭയെ മുടിക്കുക എന്ന അധികാരപത്രം കൊണ്ടാണ് പൗലോസ് ഇറങ്ങിത്തിരിച്ചത്. എന്നാൽ കർത്താവ് നൽകുന്ന അധികാരപത്രം ശുശ്രൂഷയുടെയും മനസ്സലിവിന്റെയും അനുഭവമാണ്. നാം മതത്തിന്റെ സംരക്ഷകരല്ല മറിച്ച് മനസ്സലിവിന്റെ സൂക്ഷിപ്പുകാരാകണം.

നമുക്ക് വളരെ പരിചിതനായ എ. കെ. ജോർജ് അച്ചൻ പറയുന്നു മറ്റുള്ളവരുടെ ആദിത്യം സ്വീകരിക്കാതെ ദൗത്യം സാധ്യമല്ല. ആദ്യകാലത്ത് ടിബറ്റൻ ബോർഡറിന്റെ മലനിരകളിൽ പോകുകയും അവിടുത്തെ നിവാസികളുടെ ആദിത്യം സ്വീകരിക്കുകയും ഒരാളായി മാറുകയും ചെയ്ത അലിഞ്ഞു തീരുകയും ചെയ്ത ഒരു ശുശ്രൂഷയുടെ മാതൃകയാണ് അദ്ദേഹം.

ഈ ഭാഗത്ത് കർത്താവ് പറയുന്ന മറ്റൊരു ദൗത്യമാണ് സൗഖ്യദായക ശുശ്രൂഷ. വ്യാധി ദിനം മുതലായവ പൊറുപ്പിക്കുന്ന അനുഭവമാണ് അത്. ഈ ശുശ്രൂഷയ്ക്ക് ഒരു ഉത്തമ ഉദാഹരണമാണ് വെല്ലൂർ ക്രിസ്ത്യൻ മെഡിക്കൽ കോളേജ് സ്ഥാപിച്ച അശരമ ടരൗററലൃ. ആശുപത്രി സ്ഥാപിച്ചതിനുശേഷം Aida Scudder ഇപ്രകാരം പറഞ്ഞു 'ഇതൊരു മെഡിക്കൽ കോളേജ് ആശുപത്രി മാത്രമല്ല ദൈവത്തിന്റെ സ്വന്തം വീടാണ്'. ഈ ശുശ്രൂഷയ്ക്കായി ജീവിതം മുഴുവൻ പൂർണമായി വേർതിരിച്ച വ്യക്തിത്വമാണ് അവർ. 30 വർഷക്കാലം ആശ്രമത്തിൽ പ്രവർത്തിച്ച ഡോക്ടർ ശോശാമ്മ ഫിലിപ്പ്, ബീഹാറിൽ ശുശ്രൂഷ ചെയ്ത ഡോക്ടർ എമി മുതലായവർ ഈ ഒരു വലിയ സൗഖ്യദായിക ശുശ്രൂഷയുടെ മാതൃകകളാണ്. ബീഹാറിലെ ഡോക്ടർ എമിയുടെ ശുശ്രൂഷയും അവിടുത്തെ ജീവിതസാഹചര്യങ്ങളും നേരിൽ കണ്ട ഒരു വ്യക്തി ഇപ്രകാരം എഴുതി:

"Their plates are empty but hearts are full. Our plates are full, but our hearts are empty."

ഈ ലോകത്തെ ദൈവത്തിന്റെ വീട് ആക്കി മാറ്റാൻ ഈ വ്യക്തിത്വങ്ങൾക്ക് സാധിച്ചു. ഇന്ന് അത് ആർക്ക് സാധിക്കും? സകലവും ദാനമായി ലഭിച്ചു, സകലവും ദാനമായി നൽകണം എന്ന ബോധ്യം ഉള്ളവർക്ക് സാധിക്കും. ദൈവത്തിന്റെ ദാനമാണ് നാം എന്നുള്ള ബോധ്യം എപ്പോഴും നമ്മുടെ ജീവിതത്തിൽ ഉണ്ടായിരിക്കണം.

We are the recipients of Gods abundant Grace and Mercy. അത് സാധ്യമായിത്തീരുന്നത് ആത്മാവിലുള്ള ദാരിദ്ര്യം അനുഭവിക്കുമ്പോഴാണ്. ആത്മാവിലുള്ള ദാരിദ്ര്യം അനുഭവിക്കുമ്പോൾ കർത്താവിന്റെ അടുക്കലേക്ക് നാം വിനിയാനിതരായി വരുമ്പോൾ അവിടുത്തെ വലിയ കൃപയും കരുണയും കൊണ്ട് അവൻ നമ്മെ സമൃദ്ധിയിലേക്ക് നയിക്കും.

സ്നേഹമേ എണ്ണമില്ലാത്ത നിന്റെ സുകൃതങ്ങൾ സ്വീകരിക്കുവാൻ എന്റെ ഈ കരങ്ങൾക്ക് ത്രാണിയില്ലല്ലോ എന്ന് ടാഗോർ വിലപിക്കുന്നുണ്ട്.

യേശുവിന്റെ ശിഷ്യന്മാരോട് പറയുന്നു നിങ്ങൾ അവർക്ക് ഭക്ഷിപ്പാൻ കൊടുപ്പിൻ. ഇല്ലായ്മകളെ പൂരിപ്പിക്കുവാൻ കഴിവുള്ളവനായ യേശു ശിഷ്യന്മാർക്ക് ഈ ദൗത്യം നൽകുന്നത് ഈ ശുശ്രൂഷയിലുള്ള അവരുടെ കടമയെ ബോധ്യപ്പെടുത്തുന്നതിന് വേണ്ടിയാണ്. അവൻ നമ്മെ ദൈവകൃപയുടെ ആതിഥേയരും വിളമ്പുകാരും ആക്കി തീർക്കുന്നു. അവൻ സ്വയം വിരുന്നായി മാറുന്നു. വിരുന്നും വിളമ്പുകാരും ആയിത്തീരുന്നതിന് ദൈവം നമ്മെ കുറിച്ച് ആഗ്രഹിക്കുന്നു.

"I am so small. How can this great love be inside of me. Look at your eyes. They are small but they see enormous things."

ഈ വലിയ ദൈവസ്നേഹത്തെ നാം അനുഭവിച്ചറിയുമ്പോൾ അവിടുത്തെ അവർണ്ണനീയമായ കൃപയുടെ ഓഹരിക്കാരും വിളമ്പുകാരുമായി മാറുവാൻ നമുക്ക് സാധിക്കണം. നമുക്ക് സൗജന്യമായി ലഭിച്ചു. അത് സൗജന്യമായി പകർന്നുകൊടുക്കാൻ നമുക്ക് സാധിക്കണം. അതിനായി ദൈവവചനത്തിന്റെ വെളിച്ചത്തിൽ നമ്മെ വിനയാന്വിതരാക്കാം. വിധേയപ്പെടുത്താം. ദൈവം അവിടുത്തെ വചനത്താൽ നമുക്ക് രൂപാന്തരവും അനുഗ്രഹവും നൽകിത്തരുമാറാകട്ടെ.